**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **05-12-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് വനിതാ സെൽ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പുതുക്കാട് പോലീസ് വകുപ്പിന്റെ കീഴിലുള്ളതും നേരത്തെ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നതുമായ സ്ഥലത്ത് 'വനിതാ സെൽ' ഓഫീസ് പ്രവർത്തിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | തൃശ്ശൂർ അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന തൃശ്ശൂർ റൂറൽ വനിതാ സെൽ ഓഫീസ് പുതുക്കാട് പഴയ സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി പ്രസ്തുത കെട്ടിടം അറ്റകുറ്റപണികൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിന് തൃശ്ശൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് അപേക്ഷയും നൽകിയിരുന്നു. എന്നാൽ തൃശ്ശൂർ റൂറലിൽ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ ഡിറ്റാച്ച്മെന്റ് ആരംഭിക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് സംസ്ഥാന പോലീസ് മേധാവി പുതുക്കാടിലെ പ്രസ്തുത കെട്ടിടം സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് തൃശ്ശൂർ റൂറൽ ഡിറ്റാച്ചുമെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (ബി) | (എ) യിൽ നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത സ്ഥലത്ത് വനിതാ സെൽ, വിജിലൻസ് ഓഫീസ് ഉൾപ്പടെയുള്ള ഓഫീസുകൾ അനുവദിക്കുന്നതിനും ഇതിനായി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ? | (സി) | (എ) യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ